പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1611

13.07.2011ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പെൻഷനുകൾ

ചോദ്യം

ശ്രീ.എം.പി.വിൻസെൻറ്:
ശ്രീ.ഷാഫി പറമ്പിൽ:
ശ്രീ.റ്റി.എൻ.പ്രതാപൻ:
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:

ഉത്തരം

ഡോ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)<br>സാമൂഹ്യക്ഷേമ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; | (എ)<br>പെൻഷൻ വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി)<br>നിരാലംബരായ വൃദ്ധരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | (ബി)<br>നിരാലംബരായ വൃദ്ധരെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ സർക്കാർ ഗ്രാൻറ് നൽകുന്ന 154 വൃദ്ധസദനങ്ങൾ സന്നദ്ധസംഘടനകൾ നടത്തുന്നു. അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവർക്കും രോഗം ഭേദമായതിന് ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ കഴിയുന്ന വൃദ്ധർ ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണം നൽകുന്നതിനുള്ള ഒരു പദ്ധതിയും നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ നഗര/പട്ടണ പ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കായി വയോമിത്രം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട |

| | |
|---|---|
| | കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി നടപ്പാക്കി വരുന്നു. |
| (സി)<br>വൃദ്ധസദനങ്ങൾക്ക് സൗജന്യറേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി)<br>സംസ്ഥാനത്തെ ഭൂരിഭാഗവും ഗവൺമെൻറ് വൃദ്ധസദനങ്ങളിൽ അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യ റേഷൻ ലഭിക്കുന്നുണ്ട്. ഇപ്രകാരം സൗജന്യ റേഷൻ ലഭിക്കാത്ത വൃദ്ധസദനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സൗജന്യ റേഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>അനാഥരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെയും അന്തേവാസികൾക്ക് കിലോയ്ക്ക് 2/-രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി ഉത്തരവായിട്ടുണ്ട്. |
| (ഡി)<br>സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി)<br>സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് **P & AR Department** പഠനം നടത്തി റിപ്പോർട്ട് വകുപ്പിന് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. **P & ARD Report** ന്മേലുള്ള തുടർ നടപടികളുടെ ഭാഗമായി ജില്ലാതല ഓഫീസിന്റെയും ഡയറക്ടറേറ്റിന്റെയും പ്രവർത്തനം മെച്ചപ്പെടുന്നതാണ്. |

R. Vijayalekshmi

സെക്ഷൻ ഓഫീസർ